**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന ഭവന പദ്ധതിപ്രകാരം പൂർത്തിയാക്കിയിട്ടുള്ള ശ്രീമതി.ആൻസിയുടെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലം നിലനിറുത്തിക്കൊണ്ട് ബാക്കി വരുന്ന 5 സെന്റ് സ്ഥലം വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.2604/2018/LSGD തീയതി,തിരുവനന്തപുരം, 09/10/2018

---

പരാമർശം:- 1 ശ്രീമതി. ആൻസി കോട്ടയ്ക്കകത്ത് സച്ചു ഭവനം, കാർത്തികപ്പള്ളി വില്ലേജ്, ആലപ്പുഴ സമർപ്പിച്ച അപേക്ഷ.

2 ഗ്രാമവികസന കമ്മീഷണറുടെ 29-08-2018-ലെ 70483/എച്ച് & ടി-4/2018/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി. ആൻസി, കോട്ടയ്ക്കകത്ത് സച്ചുഭവനം, കാർത്തികപ്പള്ളി വില്ലേജ്, ആലപ്പുഴ എന്നയാൾക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം ലഭിക്കുകയും വീടും സ്ഥലവും അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ലെന്ന് ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് കരാർ ചെയ്ത് വീടുപണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ കുടുംബത്തിന്റെ കടബാദ്ധ്യത തീർക്കുന്നതിനായി കൈവശമുള്ള പതിമൂന്നേകാൽ സെന്റ് വസ്തുവിൽനിന്നും വീട് നിർമ്മിച്ചിരിക്കുന്ന ഭാഗം കഴിച്ചുള്ള 5 സെന്റ് സ്ഥലം വിൽക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീമതി. ആൻസി 2014-15 സാമ്പത്തിക വർഷത്തെ ഐ.എ.വൈ ഗുണഭോക്താവാണെന്നും ടിയാളുടെ കൈവശമുള്ള പതിമൂന്നേകാൽ സെന്റ് വസ്തുവിൽ നിന്നും ഇന്ദിര ആവാസ് യോജന ഭവന പദ്ധതിപ്രകാരം അനുവദിച്ച വീട് നിർമ്മിച്ചിരിക്കുന്ന ഭാഗം കഴിച്ചുള്ള 5 സെന്റ് വസ്തു വിൽക്കുന്നതുകൊണ്ട് ഈ കുടുംബം ഭവന രഹിതരാകുന്നില്ലായെന്നും ഈ കാരണത്താൽ 5 സെന്റ് വസ്തു വിൽക്കുന്നതിനുള്ള അനുമതി നൽകാമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ അപേക്ഷയിൽ ശ്രീമതി.ആൻസി വിവരിച്ചിട്ടുള്ള ടിയാളുടെ അവസ്ഥ പരിഗണിച്ച് മാനുഷിക പരിഗണന നൽകി, ഐ.എ.വൈ ഭവന പദ്ധതിപ്രകാരം പൂർത്തിയാക്കിയിട്ടുള്ള വീട് സ്ഥിതിചെയ്യുന്ന ടിയാളുടെ പതിമൂന്നേകാൽ സെന്റ് വസ്തുവിൽ വീട് നിർമ്മിച്ചിരിക്കുന്ന സ്ഥലം ഉൾപ്പെടെയുള്ള എട്ടേകാൽ സെന്റ് സ്ഥലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് നിലനിർത്തിക്കൊണ്ട് ബാക്കി വരുന്ന 5 സെന്റ് സ്ഥലം വിൽക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
DEPUTY SECRETARY

പകർപ്പ് :

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

ശ്രീമതി. ആൻസി. കോട്ടയ്ക്കകത്ത് സ്വപ്ന ഭവനം, കാർത്തികപ്പള്ളി താലൂക്ക്, കാർത്തികപ്പള്ളി വില്ലേജ്, അലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.10.10 11:01:47 IST
Reason: Approved
സെക്ഷൻ ഓഫീസർ